**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7984 24.07.2012 ലെ മറുപടിക്ക്

## റോഡ് സുരക്ഷാ അതോറിറ്റിയുടെ യോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി അയിഷാ പോറ്റി | | **ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)** | |
| (എ) | 2012 ഫെബ്രുവരി 14 ാം തീയതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന റോഡ് സുരക്ഷാ അതോറിറ്റിയുടെ യോഗത്തിൽ വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ട പ്രകാരം സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (എ) യും (ബി) യും | 14.02.2012-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ്, ഗതാഗത പൊതുമരാമത്ത് വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് റോഡ് സുരക്ഷാ കമ്മീഷണർ കൺവീനറായും ഐ.ജി. ട്രാഫിക്, പൊതുമരാമത്ത് വകുപ്പ് N.H/R&B ചീഫ് എഞ്ചിനീയർമാർ മെമ്പർമാരായും ഒരു സ്റ്റേറ്റ് ലെവൽ ആക്സിഡന്റ് റിവ്യൂ കമ്മിറ്റിയും ജില്ലാ പോലീസ് മേധാവി കൺവീനറായും, ബന്ധപ്പെട്ട ആർ.റ്റി.ഒ-മാർ, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ N.H/R&B എന്നിവർ മെമ്പർമാരായും ഡിസ്ട്രിക്റ്റ് ലെവൽ ആക്സിഡന്റ് റിവ്യൂ കമ്മിറ്റികളും രൂപീകരിച്ച് 30.06.2012 ൽ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്.<br>ഗുരുതരമായ എല്ലാ അപകടങ്ങളും സംസ്ഥാനതല കമ്മിറ്റി രേഖപ്പെടുത്തുകയും അവ ഓരോന്നും സംഭവിച്ചതെങ്ങനെ എന്നതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി പരിഹാര നിർദ്ദേശങ്ങൾ സഹിതം വ്യക്തമായ ശുപാർശകൾ അടങ്ങുന്ന റിപ്പോർട്ട് |
| (ബി) | പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ നാളിതുവരെ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സർക്കാരിലേക്ക് സംസ്ഥാന കമ്മിറ്റി സമർപ്പിക്കേണ്ടതാണ്. ജില്ലാ കമ്മിറ്റി ഇത്തരത്തിലുള്ള റിപ്പോർട്ട് സംസ്ഥാനതല കമ്മിറ്റിക്ക് നല്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ.